"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - മലപ്പുറം കൊണ്ടോട്ടി ഇ.എം.ഇ.എ ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എസ്.ടി (ജൂനിയർ) പൊളിറ്റിക്കൽ സയൻസ് ശ്രീ. നിഷാദ് കെ. ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 23451/2023-ന്മേലുള്ള 20/07/2023-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.4419/2024/GEDN തീയതി,തിരുവനന്തപുരം, 16-07-2024**

---

പരാമർശം:-

1. ശ്രീ. നിഷാദ് കെ. സമർപ്പിച്ച 17.06.2023-ലെ റിവിഷൻ ഹർജി. (എക്സിബിറ്റ് പി -9)
2. റിട്ട് ഹർജി നമ്പർ 23451/2023-ന്മേലുള്ള 20/07/2023-ലെ വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കൻഡറി വിഭാഗം) 18/08/2023-ലെ HSE/7910/2023-Acd.A4 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം കൊണ്ടോട്ടി ഇ.എം.ഇ.എ. ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എസ്.ടി. (ജൂനിയർ) പൊളിറ്റിക്കൽ സയൻസ് ശ്രീ. നിഷാദ് കെ. ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ.23451/2023-ന്മേലുള്ള 20/07/2023-ലെ വിധിന്യായത്തിൽ, ഹർജിക്കാരൻ സമർപ്പിച്ച എക്സിബിറ്റ് പി-9 റിവിഷൻ ഹർജിയിൽ ഹർജിക്കാരനും നാലും അഞ്ചും എതിർകക്ഷികൾക്കും മറ്റ് ബന്ധപ്പെട്ട കക്ഷികൾക്കും നോട്ടീസ് നൽകി തീരുമാനം കൈക്കൊള്ളുവാൻ ബഹു. കോടതി നിർദ്ദേശിക്കുകയുണ്ടായി.

**2.** മലപ്പുറം കൊണ്ടോട്ടി ഇ.എം.ഇ.എ. ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) പൊളിറ്റിക്കൽ സയൻസ് ആയിരുന്ന ശ്രീ.ഇബ്രാഹിം റ്റി.വി.യുടെ അവധി ഒഴിവിൽ ഹർജിക്കാരന് 19/12/2017 മുതൽ 31/03/2018 വരെയും 12/06/2018 മുതൽ 27/02/2021 വരെയും എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) പൊളിറ്റിക്കൽ സയൻസ് തസ്തികയിൽ നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്. തുടർന്ന്, ശ്രീ.ഇബ്രാഹിം റ്റി.വി. 01/07/2020 പ്രാബല്യത്തിൽ ടി അവധി റദ്ദ് ചെയ്ത് ജോലിയിൽ പ്രവേശിച്ചതിനാൽ ശ്രീ.നിഷാദ് കെ.യുടെ 01/07/2020 മുതൽ 27/02/2021 വരെയുള്ള ശേഷിച്ച കാലയളവ് റദ്ദ് ചെയ്യുകയുണ്ടായി. തുടർന്ന്, ടി സ്കൂളിൽ 01/02/2021 മുതലുണ്ടായ റഗുലർ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) പൊളിറ്റിക്കൽ സയൻസ് തസ്തികയിൽ മാനേജർ ടിയാനെ 15/07/2021 മുതൽ നിയമിക്കുകയുണ്ടായി.

ഹർജിക്കാരന്റെ മുൻകാല അവധി ഒഴിവിലെ നിയമനം പരിഗണിച്ച് 51എ അവകാശിയായി കണക്കാക്കി ഭിന്നശേഷി സംവരണപരിധിയിൽ നിന്നൊഴിവാക്കി നിയമനാംഗീകാരം നൽകണമെന്നതാണ് ഹർജിക്കാരന്റെ ആവശ്യം.

**3.** പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

"മലപ്പുറം കൊണ്ടോട്ടി ഇ.എം.ഇ.എ ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്എസ്.ടി.(ജൂനിയർ) പൊളിറ്റിക്കൽ സയൻസ് ശ്രീ.നിഷാദ് കെ.യുടെയും മഞ്ചേരി എച്ച്.എം.വൈ.എച്ച്.എസ്എസ്.ലെ എച്ച്.എസ്എസ്.ടി (ജൂനിയർ) കെമിസ്ട്രി ശ്രീമതി സുബിന കെ.യുടെയും നിയമനാംഗീകാര അപേക്ഷ ഭിന്നശേഷി സംവരണ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പുന:സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് മലപ്പുറം മേഖല ഉപമേധാവി നിരസിച്ച് ഉത്തരവായിരുന്നു. എന്നാൽ, ടി അദ്ധ്യാപകരെ മുമ്പ് അതത് സ്കൂളുകളിൽ ലിവ് വേക്കൻസിയിൽ ഗവ. നോമിനി അടങ്ങിയ സെലക്ഷൻ കമ്മിറ്റി കൂടി തെരഞ്ഞെടുത്ത് നിയമിച്ചിട്ടുള്ളതായിരുന്നതിനാൽ ടിയാളുകൾക്ക് 51എ ക്ലെയിമിന്റെ ആനുകൂല്യം നൽകി 15.07.2021 മുതൽ പുനർനിയമനം നൽകുന്നതിലേക്കാണ് ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. നിലവിൽ 51എ ക്ലെയിം ഹയർ സെക്കൻഡറിക്ക് ബാധകമല്ലായെങ്കിലും സമാന വിഷയത്തിൽ സർക്കാരിൽ നിന്നും നിയമനാംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട അനുകൂല ഉത്തരവുകൾ പുറപ്പെടുവിച്ചിരിക്കുന്നതായി കാണുന്നു."

**4.** സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. മലപ്പുറം കൊണ്ടോട്ടി ഇ.എം.ഇ.എ. ഹയർ സെക്കൻഡറി സ്കൂളിൽ 01/02/2021 മുതലുണ്ടായ റഗുലർ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) പൊളിറ്റിക്കൽ സയൻസ് തസ്തികയിലെ ഹർജിക്കാരന്റെ 15/07/2021 മുതലുള്ള നിയമനം ടിയാന്റെ മുൻകാല അവധി ഒഴിവിലെ ടി തസ്തികയിലെ നിയമനം പരിഗണിച്ച് 51എ അവകാശിയായി കണക്കാക്കി ഭിന്നശേഷി സംവരണപരിധിയിൽ നിന്നൊഴിവാക്കി നിയമനാംഗീകാരം നൽകണമെന്നതാണ് ആവശ്യം.

**5.** ഹയർ സെക്കൻഡറിയിലെ അധ്യാപക-അനധ്യാപകർക്കു 51A അവകാശം നൽകുന്നതിന് ചട്ടത്തിൽ പ്രത്യേക പരാമർശം ഇല്ലെങ്കിൽ കൂടി 51A അവകാശമുണ്ടെന്ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിയുള്ളതിനാൽ 15.14.6.2023-ലെ മന്ത്രിതല യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കൻഡറിയിലെ അധ്യാപക-അനധ്യാപകർക്കു 51A അവകാശം നൽകുന്ന വിഷയത്തിൽ വ്യക്തിഗത കേസുകൾ പരിശോധിച്ച് തീരുമാനം എടുക്കുന്ന രീതിയാണ് നിലവിൽ ചെയ്തുവരുന്നത്.

**6.** മേൽ സാഹചര്യത്തിൽ, ശ്രീ.നിഷാദ് കെ.യുടെ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) പൊളിറ്റിക്കൽ സയൻസ് തസ്തികയിലെ അവധി ഒഴിവിലെ മുൻകാല നിയമനങ്ങൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ള പക്ഷം ടിയാനെ 51A അവകാശിയായി കണക്കാക്കി, മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ടിയാന്റെ 15/07/2021 മുതലുള്ള എച്ച്.എസ്.എസ്.റ്റി.

(ജൂനിയർ) പൊളിറ്റിക്കൽ സയൻസ് തസ്തികയിലെ നിയമനം അംഗീകരിച്ചു നൽകുന്നതിന് മലപ്പുറം മേഖല ഉപമേധാവിക്ക് നിർദ്ദേശം നൽകി, അപ്രകാരം എക്സിബിറ്റ് പി-9 റിവിഷൻ ഹർജി തീർപ്പാക്കി, ബഹു. ഹൈക്കോടതിയുടെ റിട്ട് ഹർജി 23451/2023-മേലുള്ള 20/07/2023-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
ശ്രീ.നിഷാദ് കെ., എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) പൊളിറ്റിക്കൽ
സയൻസ്, ഇ.എം.ഇ.എ ഹയർ സെക്കൻഡറി സ്കൂൾ, കൊണ്ടോട്ടി
മലപ്പുറം-671 638.
മാനേജർ, ഇ.എം.ഇ.എ ഹയർ സെക്കൻഡറി സ്കൂൾ, കൊണ്ടോട്ടി
മലപ്പുറം-671 638.
പ്രിൻസിപ്പാൾ, ഇ.എം.ഇ.എ ഹയർ സെക്കൻഡറി സ്കൂൾ, കൊണ്ടോട്ടി
മലപ്പുറം-671 638.
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിഭാഗം)
തിരുവനന്തപുരം-695 001.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (ഹയർ സെക്കൻഡറി വിദ്യാഭ്യാസം)
മലപ്പുറം.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ്. (07.11.2023-ലെ ജെ.എ2/262
/2023/പൊ.വി.വ. പ്രകാരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ. (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ4/108/2023/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
Date: 17-07-2024 09:18:12
സെക്ഷൻ ഓഫീസർ